## ആദ്യ പ്രസവാവധി തീർന്നതിനു ശേഷം രണ്ട് വർഷത്തിനുള്ളിൽ വീണ്ടും പ്രസവാവധി നല്കാനാവില്ലെന്ന ഉത്തരവ് റദ്ദാക്കി

### ലക്നൗ ഹൈക്കോടതി

S.S. No. 32394/2019 Dt. 11.12.2019

റിച്ച ശുക്ല x സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്

സ്ഥാപനത്തിൽ ജോലി ചെയ്തുവന്ന സ്ത്രീ തൊഴിലാളിക്ക് അവരുടെ അപേക്ഷ പ്രകാരം 1.7.2017 മുതൽ 30.12.2017 വരെ പ്രസവാവധി അനുവദിച്ചു. അതിന്റെ ആനുകൂല്യങ്ങൾ അനുഭവിച്ച തൊഴിലാളി 2018 ജനുവരി മുതൽ വീണ്ടും ജോലിയിൽ പ്രവേശിച്ചു. പിന്നീട് രണ്ട് വർഷം കഴിയുന്നതിനു മുമ്പ് 18.11.2019 മുതൽ രണ്ടാമത്തെ പ്രസവത്തിന് പ്രസവാവധി അനുവദിച്ചു തരണമെന്ന് തൊഴിലാളി ആവശ്യപ്പെട്ടു. തൊഴിലാളിയുടെ അപേക്ഷ മേലധികാരികൾ തിരസ്കരിച്ചു. ആദ്യത്തെ പ്രസവാവധി തീർന്നതിനു ശേഷം രണ്ട് വർഷം കഴിഞ്ഞ് മാത്രമേ വീണ്ടും പ്രസവാവധി നല്കാനാവൂ എന്നാണ് മേലധികാരികൾ വ്യക്തമാക്കിയത്. പ്രസവാനുകൂല്യ നിയമത്തിൽ ഓരോ പ്രസവത്തിനും ആറ് മാസത്തെ അവധി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഫിനാൻഷ്യൽ ഹാൻഡ് ബുക്കിൽ രണ്ട് പ്രസവാവധികൾ തമ്മിൽ രണ്ട് വർഷത്തെ അകലം ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലാണ് മേലധികാരികൾ തൊഴിലാളിയുടെ രണ്ടാമത്തെ പ്രസവാവധി തിരസ്കരിച്ചത്. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഏതൊരു സ്ത്രീ തൊഴിലാളിക്കും പ്രസവത്തോടനുബന്ധിച്ച് ആറ് മാസത്തെ പ്രസവാവധിക്ക് അവകാശമുണ്ടെന്നും പ്രസവാനുകൂല്യ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായായ യാതൊന്നും നിലനില്ക്കില്ലെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും തൊഴിലാളി വാദിച്ചു. രണ്ട് പ്രസവാവധികൾ തമ്മിൽ സമയപരിധിയൊന്നും നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ലെന്നും തൊഴിലാളി ചൂണ്ടിക്കാട്ടി. ഫിനാൻഷ്യൽ ഹാൻഡ് ബുക്കിലെ ചട്ടമനുസരിച്ച് രണ്ട് പ്രസവാവധികൾ തമ്മിൽ കുറഞ്ഞത് രണ്ട് വർഷത്തെ അകലമുണ്ടായിരിക്കണമെന്ന് നിഷ്കർഷയുണ്ടെന്ന് സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടി. ആദ്യത്തെ പ്രസവാവധി തീർന്ന് രണ്ട് വർഷം തികയുന്നതിനു മുമ്പാണ് തൊഴിലാളി അവധി നല്കണമെന്ന് ആവശ്യപ്പെട്ടതെന്നും അപേക്ഷ നിരസിച്ചത് ചട്ടപ്രകാരമാണെന്നും സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചു. ആദ്യത്തെ രണ്ട് പ്രസവങ്ങളോടനുബന്ധിച്ചും ആറ് മാസത്തെ വീതം പ്രസവാവധി ലഭിക്കാൻ സ്ത്രീ തൊഴിലാളിക്ക് നിയമ പ്രകാരം അവകാശമുണ്ടെന്നും അതിനു വിരുദ്ധമായ യാതൊരു ചട്ടങ്ങളും കരാറുകളും നിലനില്ക്കില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചു. പ്രസവാനുകൂല്യ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ചട്ടങ്ങൾ പ്രകാരം സ്ത്രീ തൊഴിലാളിയുടെ അവകാശങ്ങൾ ഹനിക്കാനാവില്ലെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. രണ്ട് പ്രസവാവധികൽ തമ്മിൽ രണ്ട് വർഷത്തെ അകലമുണ്ടായിരിക്കണമെന്ന ചട്ടം ചൂണ്ടിക്കാട്ടി തൊഴിലാളിക്ക് പ്രസവാവധി നിഷേധിച്ചത് തെറ്റാണെന്ന് വിലയിരുത്തിയ ഹൈക്കോടതി തൊഴിലാളിയുടെ മേലധികാരികളുടെ ഉത്തരവുകൾ റദ്ദാക്കുകയും പത്ത് ദിവസത്തിനുള്ളിൽ നിയമാനുസൃതമായ പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സംസ്ഥാന സർക്കാരിന് നിർദ്ദേശം നല്കുകയും ചെയ്തു.